# പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഗണിക്കാതെ ഇനി ഖനനം തുടരാൻ പാടില്ല

**സി.ആർ. നീലകണ്ഠൻ**

(പരിസ്ഥിതി പ്രവർത്തകൻ)

**സങ്കീർണ്ണമായ** പ്രശ്നങ്ങളാണ് ഇപ്പോൾ കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നത്. കെ.എം.എം.എൽ മലിനീകരണവുമായി ബന്ധപ്പെട്ട് ജനങ്ങൾ നാളുകളായി സമരത്തിലാണ് എന്നത് ഒരു വിഷയം. ന്യായമായ ആവശ്യമാണ് ജനങ്ങൾ ഉന്നയിക്കുന്നത്. എന്നാൽ മലിനീകരണത്തിന്റെ പേരിൽ കെ.എം.എം.എൽ അടച്ചുപൂട്ടാൻ ശ്രമിക്കുന്ന ഒരു ലോബിയും രംഗത്തുണ്ട്. മലിനീകരണ പ്രശ്നം ഉന്നയിക്കുന്ന ജനങ്ങളോ പരിസ്ഥിതി പ്രവർത്തകരോ ഒന്നും കെ.എം.എം.എൽ അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെടുന്നില്ല. ഖനനത്തിന്റെ കാര്യത്തിലും അതേ നിലപാടാണ് ജനങ്ങൾ മുന്നോട്ട് വയ്ക്കുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ട് ശാസ്ത്രീയമായ രീതിയിൽ ഖനനം നടത്തണമെന്നാണ് പറയുന്നത്. ഇപ്പോൾ നടക്കുന്ന ഖനനം അശാസ്ത്രീയവും കൊള്ളയുമാണ്. കെ.എം.എം. എല്ലും ഐ.ആർ.ഇയും പൂട്ടിയാൽ അതോടെ ഖനനം നിൽക്കുമെങ്കിൽ ഈ കമ്പനികൾ പൂട്ടണം എന്ന് തന്നെ ആവശ്യപ്പെടാം. അതാണ് പരിസ്ഥിതിക്ക് അനുകൂലമായ തീരുമാനം. എന്നാൽ ഈ പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിയാൽ അതോടെ ഖനനം നിൽക്കാൻ പോകുന്നില്ല എന്നതാണ് ഇവി

ടെയുള്ള പ്രതിസന്ധി. അതോടെ ഖനനാനുമതി സ്വകാര്യ കമ്പനികൾക്ക് ലഭിക്കും. സർക്കാർ നിയന്ത്രണത്തിലുള്ള ഐ.ആർ.ഇയും കെ.എം.എം.എല്ലും ഖനനം ചെയ്ത് നശിപ്പിച്ച പ്രദേശത്തേക്ക് സ്വകാര്യ കമ്പനികൾ ഖനനത്തിനായി എത്തിയാൽ എന്താകും സ്ഥിതിയെന്ന് നമുക്ക് അനുമാനിക്കാവുന്നതേയുള്ളൂ. തീരത്ത് നിന്നും കരിമണൽ കടത്തുന്നതായും വി.വി. മിനറൽസ് എന്ന തമിഴ്നാട്ടിലെ സ്വകാര്യകമ്പനിയിലേക്ക് പോകുന്നതായും ആരോപണമുണ്ട്. അതിൽ വസ്തുതയുമുണ്ട്. പക്ഷെ അതൊന്നും സ്വകാര്യകമ്പനിക്ക് ഇവിടെ ഖനനാനുമതി നൽകുന്നതിനുള്ള ന്യായീകരണമല്ല. കരിമണൽ കള്ളക്കടത്ത് നടക്കുന്നുണ്ടെങ്കിൽ അത് അന്വേഷിക്കാനുള്ള ബാധ്യത സർക്കാറിനാണുള്ളത്. പരിസ്ഥിതി പ്രവർത്തകരാണ് അതിന് ഉത്തരവാദികൾ എന്ന നിലയിലാണ് സ്വകാര്യ കമ്പനികൾ കാമ്പയിൻ നടത്തുന്നത്. കാട്ടിൽ ആരെങ്കിലും കള്ളത്തടി വെട്ടുന്നു എന്നതുകൊണ്ട് തങ്ങൾക്കും തടിവെട്ടാൻ അനുമതി തരണം എന്നുള്ളതുപോലെയുള്ള ന്യായമാണ് സി.എം.ആർ.എൽ എന്ന സ്വകാര്യ കമ്പനി പറയുന്നത്. അതിൽ എന്ത് ന്യായമാണുള്ളത്? മുഖ്യധാരാ രാഷ്ട്രീയകക്ഷികളുടെ നേതാക്കളടക്കം ഈ ആരോപണത്തെ പിൻപറ്റുന്നുണ്ട്. അവർ ആരോപണം ഉന്നയിക്കാതെ കരിമണൽ കള്ളക്കടത്ത് കണ്ടെത്തി നടപടിയെടുക്കുകയാണ് വേണ്ടത്.

ആലപ്പുഴ ജില്ലയിലെ ഖനനത്തിനെതിരെ മാത്രമാണ് രാഷ്ട്രീയ പാർട്ടികൾക്ക് നിലപാടുള്ളത്. കൊല്ലത്തിന്റെ തീരത്ത് നടക്കുന്ന ഖനനത്തിന്റെ കാര്യത്തിലോ, കെ.എം.എം.എൽ മലിനീകരണത്തിന്റെ വിഷയത്തിലോ ആരും നിലപാടെടുത്തിട്ടില്ല. ട്രാവൻകൂർ ടൈറ്റാനിയത്തിന്റെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. ഇവിടെ നിന്നും ഖനനം ചെയ്യുന്ന ഇൽമനൈറ്റ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഫാക്ടറിയാണത്. അഴിമതിയല്ല, പരിസ്ഥിതി വിഷയമാണ് അവിടെയും ഉന്നയിക്കപ്പെടേണ്ടത്. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തണമെന്ന് 2004ലാണ് സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി ടൈറ്റാനിയത്തോട് ആവശ്യപ്പെട്ടത്. എന്നിട്ടും മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഇതുവരെ വന്നിട്ടില്ല. ടൈറ്റാനിയം മലിനീകരണം തുടർന്നുകൊണ്ടിരിക്കുകയാണ് എന്നതാണ് പ്രശ്നം. ഉമ്മൻചാണ്ടി അഴിമതി ചെയ്തോ ഇല്ലയോ എന്നത് രണ്ടാമത്തെ വിഷയമാണ്. ഖനനവും അനുബന്ധ വ്യവസായങ്ങളുമെല്ലാം നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. അതൊന്നും പരിഗണിക്കാതെയാണ് സ്വകാര്യ കമ്പനികളും ഈ മേഖലയിലേക്ക് കടന്നുവരുന്നതിനായി നടത്തുന്ന ശ്രമങ്ങൾക്ക് രാഷ്ട്രീയ സംവിധാനങ്ങൾ കൂട്ടുനിൽക്കുന്നത്. ■